(ഇ) മാറാട് 25-2-2003-ൽ ഉണ്ടായ അനിഷ്ട സംഭവത്തെ തുടർന്ന് ദുരിതമനുഭവിക്കുന്നവർക്ക് മൂന്ന് ആഴ്ചത്തേക്ക് സൗജന്യറേഷൻ (അരി വിഹിതം മാത്രം) അനുവദിച്ചിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങിയ നിത്യോപയോഗ സാധനങ്ങൾ

44 (1839) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എത്ര കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങൾ വാങ്ങിയിട്ടുണ്ട് ; ഓരോ സാധനവും എത്ര ടൺ വീതം വാങ്ങിയെന്നും അവ ഓരോന്നിനും എന്ത് തുക ചെലവഴിച്ചെന്നും വെളിപ്പെടുത്തുമോ ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ലാഭം മാർക്കറ്റുകൾ എന്നിവിടങ്ങളിൽ സാധനങ്ങൾ വാങ്ങുന്നത് ടെണ്ടർ വിളിച്ചാണോ അതോ കോർപ്പറേഷൻ തന്നെ മറ്റു സ്റ്റോറ്റുകളിൽ നിന്ന് നേരിട്ട് വാങ്ങുകയാണോ എന്നതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(സി) കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ സിവിൽ സ്പ്ലൈസ് കോർപ്പറേഷന് സാധനങ്ങൾ നൽകിയിരുന്നത് ആരെല്ലാമാണ് ; അവർ ഓരോ സാധനങ്ങളും നൽകിയത് ടണ്ണിന് എന്തു വിലവച്ചായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) മത്സര ടെണ്ടറുകളുടെ അടിസ്ഥാനത്തിലാണ് കോട്ടേഷൻ നൽകിയതെങ്കിൽ ഓരോരുത്തരും എന്തു വിലവച്ചാണ് വിവിധ നിത്യോപയോഗ സാധനങ്ങൾ നൽകാൻ തയ്യാറായതെന്നും അതിൽ ആർക്കാണ് സാധനങ്ങൾക്ക് ഓർഡർ നൽകിയതെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2001-2002 വർഷത്തിൽ 103.48 കോടി രൂപയുടെയും 2002-2003 വർഷത്തിൽ 109.89 കോടി രൂപയുടെയും നിത്യോപയോഗ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദാംശം അനുബന്ധം (എ) യിൽ ചേർത്തിട്ടുണ്ട്.*

(ബി) ടെണ്ടർ പ്രകാരമാണ് പലവ്യഞ്ജനങ്ങൾ വാങ്ങുന്നത്.

(സി) ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (ബി)യിൽ ചേർത്തിട്ടുണ്ട്.*

(ഡി) വിവരം ശേഖരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly